(ബി) ഉണ്ടെങ്കിൽ എത്ര പദ്ധതികളാണെന്നും ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) സഹകരണ ഭവനനിർമ്മാണ പദ്ധതി, സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന ഭവനനിർമ്മാണപദ്ധതി, പ്രകൃതിക്ഷോഭംമൂലം ഭവനരഹിതരായവരെയും അധിവാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരേയും പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി, പൊതു ഭവനനിർമ്മാണപദ്ധതി എന്നീ നാലു പദ്ധതികളാണ് 1985-86-ൽ കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആരംഭിക്കുന്നത്. ഇവയിൽ ആദ്യത്തെ മൂന്നു പദ്ധതികളും സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതാണ്. പൊതു ഭവനനിർമ്മാണപദ്ധതി ഇടുക്കി, ആലപ്പുഴ, മലപ്പുറം ജില്ലകളൊഴികെ ബാക്കിയുള്ള എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണ്.

ട്രാവൻകൂർ ടൈറാനിയം പ്രോഡക്ട്സ്

*(266) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറാനിയം പ്രോഡക്ട്സിൽ കാലാകാലങ്ങളിൽ നടന്നതായി ആരോപിക്കപ്പെടുന്ന ധനപരമായ ക്രമക്കേടുകളേയും അഴിമതികളെയുംപറ്റി സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ട്രാവൻകൂർ ടൈറാനിയം പ്രോഡക്ട്സിന്റെ മാനേജുമെന്റിനെതിരായി വിവിധ തൊഴിലാളിയൂണിയനുകളും 1983-ൽ ചില ആരോപണങ്ങളും ഉന്നയിച്ചിരുന്നു. ഇതേക്കുറിച്ച് റവന്യൂബോർഡ് മെംബർ ശ്രീ. കെ. വി. വിദ്യാധരൻ അന്വേഷിച്ചുവരുന്നു. അന്വേഷണറിപ്പോർട്ടിന്റെ ആദ്യഭാഗം ഗവൺമെന്റിനു ലഭിച്ചുകഴിഞ്ഞു.

(ബി) ഗവൺമെന്റിനു ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായവരുടെ പേരിൽ നടപടി എടുക്കുവാൻ മാനേജുമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പദ്ധതി

* [267] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഏഴാം പദ്ധതിയിൽ പ്രത്യേക പദ്ധതി വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നു പറയാമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഉണ്ട്.

(ബി) ഖാദിയുടെ കീഴിലുള്ള നൂൽനൂൽപ്പ്, നെയ്ത്തു മേഖലകളിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്, ഇത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) 3,35,466 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്നത്.

പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

* [268] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, കെ. പുരുഷോത്തമൻ:

,, വി. ജെ. തങ്കപ്പൻ:

,, സി. കെ. ചക്രപാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങൾ തകർച്ചയെ നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസായങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിന് സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

(എ) കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങൾ ഇപ്പോൾ ഒരു തകർച്ചയെ നേരിടുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Reciprocal agreements between the Governments of Kerala and Karnataka in respect of inter State Transport

*[269] **Dr.A. Subba Rao**: Will the minister for transport be pleased to state:

(a) When was the last reciprocal agreement between the Goverments of Kerala and Karnataka in respect of inter-state transport, signed and brought into effect;

(b) Whether all the inter-state services and schedules as per agreement are being operated at present;

(c) If not, which is the State yet to start these services;

LIBRARY ARCHIVES Kerala Legislative Assembly